*⇨ ഗാന്ധിയോ, ലോഹ്യയോ മാത്രമാണ് കളിക്കളം മാറ്റാനായി ശ്രമിച്ചത് ⇨*

# പരിസ്ഥിതി ആത്മീയതയെ ആർക്കാണ് പേടി?

നവസാമൂഹിക പ്രസ്ഥാനങ്ങളിൽ കടന്നുകൂടുന്ന സവർണ്ണ മേൽക്കോയ്മയ്ക്ക് പരിഹാരം മതേതരവൽക്കരണമല്ല; മതത്തിന്റെ സൂക്ഷ്മതല ജനാധിപത്യവൽക്കരണവും വിമോചകമായ ആത്മീയതയുടെ പിറവിയുമാണ്.

**കെ. രാജൻ**




കേരളീയം 2014 മാർച്ച് ലക്കത്തിലെ 'മതേതരത്വം നഷ്ടമാകുന്ന നവസാമൂഹിക പ്രസ്ഥാനങ്ങൾ' എന്ന കെ. സഹദേവന്റെ ലേഖനത്തോടുള്ള പ്രതികരണം

**കെ. സഹദേവന്റെ** ഒപ്പാരി വായിച്ചു. ഗാന്ധിയൻ പരിസ്ഥിതി പ്രവർത്തകനോ, യുക്തിവാദി-കെ.എസ്.എസ്.പി-നക്സലൈറ്റോ എന്ന് വർണ്ണ്യത്തിലാശങ്ക തോന്നി. മതേതരത്വം, വികസനം, ആധുനികത, ദേശരാഷ്ട്രം, വർഗ്ഗീയത എന്നിവയുടെ പാരസ്പര്യത്തെക്കുറിച്ച് സുഹൃത്തിന് ദിശാഭ്രമം മാറിയിട്ടില്ലെന്ന് തോന്നി. മേൽപ്പറഞ്ഞവ, യൂറോകേന്ദ്രീത ആധുനികതയുടെയും പാശ്ചാത്യ പ്രബുദ്ധതാപദ്ധതിയുടെയും ഗർഭപാത്രത്തിൽ ജനിച്ച സഹോദരങ്ങളാണ്. പാശ്ചാത്യ നാഗരികത അപരദേശങ്ങളെ കീഴടക്കിയത് മൂലധനവും സൈന്യവും വഴി മാത്രമല്ല പ്രസതുത വ്യവഹാരങ്ങൾ വഴി കൂടിയാണ്.

ഇന്ത്യൻ ഉപഭൂണ്ഡത്തിലെ വിവിധ ഭരണാധികാരികൾ, ദേശീയ പ്രസ്ഥാനം, ഹിന്ദുമഹാസഭ, ആർ.എസ്.എസ്, ഓറിയന്റിലിസ്റ്റുകൾ, മാർക്സിസ്റ്റുകൾ, അംബേദ്ക്കറിസ്റ്റുകൾ എന്നിവരെല്ലാം പാശ്ചാത്യാധിനിവേശത്തെ ഭാഗികമായോ, പൂർണ്ണമായോ എതിർത്തെങ്കിലും എതിർ കളിക്കാരെന്ന നിലയിലായിരുന്നു അവർ നിലകൊണ്ടത്. സായിപ്പിനു പകരം കളിക്കളത്തെ ഏറ്റെടുക്കുക (കളിക്കളത്തെയും കളിനിയമങ്ങളെയും മാറ്റാതെ) എന്നതായിരുന്നു അവരുടെ പ്രശ്നം. ഗാന്ധിയോ, ലോഹ്യയോ മാത്രമാണ് കളിക്കളം മാറ്റാനായി ശ്രമിച്ചത്.

### അധിനിവേശങ്ങളുടെ കേരളീയ സന്ദർഭം

കേരളത്തിലെ സവർണ്ണ-ജന്മി അടിമത്തവ്യവസ്ഥയുടെ അഭ്യന്തര കൊളോണിയലിസവും യൂറോകേന്ദ്രിത കോളോണിയലിസവും തമ്മിലുള്ള ബന്ധത്തെയും ഇവയുടെ പ്രവർത്തന രീതികളെയും പാരമ്പര്യം-ആധുനികത, വൈദേശികം-തദ്ദേശീയം, സവർണ്ണം-അവർണ്ണം എന്ന ദ്വന്ദ്വാത്മക യുക്തിയുടെ ബ്ലാക്ക് ആന്റ് വൈറ്റ് കാഴ്ച്ചകൊണ്ട് വിശകലനം ചെയ്യാനാവില്ല. വ്യത്യാസങ്ങളെ തിരശ്ചീനമായി കാണുന്ന ഇടനിലക്കാഴ്ച്ച (Penumbral vision of difference) വേണം. ഏതെങ്കിലും ഒരു ദ്വന്ദ്വത്തിന്റെ പക്ഷത്ത് നിന്ന് മറ്റേതിനെ പൈശാചികവൽക്കരിക്കുന്ന രീതിശാസ്ത്രം ഇപ്പോൾ നിലനിൽക്കുന്നതുകൊണ്ട് ഗാന്ധിയോ/അംബേദ്കറോ, പരിസ്ഥിതി പ്രശ്നമോ/ദളിത്-ആദിവാസി പ്രശ്നമോ, പാരമ്പര്യമോ/ആധുനികതയോ എന്ന തർക്കമഴ ഇപ്പോഴും നിലച്ചിട്ടില്ല. ഈ സ്മൃതി, ഭ്രാന്തിസസന്ദേഹങ്ങൾ കെ. സഹദേവനും ആവർത്തിക്കുന്നു.



കേരളത്തിലെ വികസനാധുനികതയെന്നും മിഷ്യനറി ആധുനികതയെന്നും എസ്. രാജു വിളിക്കുന്ന 'നവോത്ഥാനഘട്ടം'(?) പാശ്ചാത്യവൽക്കരണ/ സവർണ്ണവൽക്കരണ പ്രവണതകളുടെ സങ്കരസ്ഥാനങ്ങൾ രൂപം കൊള്ളുന്ന ഘട്ടമാണ്. രണ്ടുരീതികളെയും ഒരുപോലെ എതിർക്കുന്ന കീഴാള പ്രസ്ഥാനങ്ങളുടെ മൗലികത മേൽത്തരം/ഇടത്തരം നവോത്ഥാനനായകർക്ക് (വി.ടി, പ്രേംജി, ശ്രീനാരായണഗുരു) ഇല്ല. വൈകുണ്ഠസ്വാമികൾ, പൊയ്കയിൽ യോഹന്നാൻ എന്നിവർ രണ്ടു തരം കോളനിവൽക്കരണത്തെയും ഒരുപോലെ എതിർത്തു. നവോത്ഥാനകാലഘട്ടത്തെ അങ്ങിനെ വിളിക്കാമോ എന്ന ചോദ്യം ഉന്നയിക്കുന്നവരുണ്ട്. സാമ്രാജ്യകേന്ദ്രത്തിലെ പ്രക്രിയകൾ കോളനിയിലും പിന്നീട് ആവർത്തിക്കുമെന്ന സാധർമ്മ്യയുക്തിയുടെ അടിമവികാരമാണ് ഈ നാമകരണത്തിനു പിന്നിലുള്ളത്.

കേരളത്തിലെ വികസനം, പുരോഗതി, ദേശരാഷ്ട്രം, മതേതരത്വം... എന്നിവയ്ക്കായുള്ള തൃഷ്ണകളും ഭ്രമകൽപനകളും വ്യാപിച്ചത് പത്തൊമ്പതാം നൂറ്റാണ്ട് തൊട്ടാണ്. കേരളത്തിലെ തെക്കും വടക്കുമുള്ള മിഷ്യനറികൾ ഒരേ സമയം ക്രിസ്തുമത പ്രചരണത്തിനും 'ശാസ്ത്രമത' പ്രചരണത്തിനും വികസനമത പ്രചരണത്തിനും പത്രമാസികകൾ പ്രയോജനപ്പെടുത്തി. മിഷ്യനറിമാരുടെ മാസികകളിലാണ് ശാസ്ത്ര-സാങ്കേതികവിദ്യയുടെയും വികസനാധുനികതയുടെയും പുതു ദൈവരാജ്യസമാചാരത്തിന്റെയും 'പശ്ചിമതാരക' പിറവി നക്ഷത്രമായി രക്ഷകസ്ഥാനം ചൂണ്ടിക്കാട്ടിയത്. തിരുവിതാകൂറായിരുന്നു ഈ വികസനാധുനികതയുടെ എപ്പിസെന്റർ. വികസനാധുനികതയുടെയും മതേതരത്വത്തിന്റെയും മന:സ്ഥിതിയൊരുക്കുന്നതിൽ കേരളത്തിലെ ആദ്യകാല യുക്തിവാദ പ്രസ്ഥാനം, ശാസ്ത്ര പ്രസ്ഥാനം, എന്നിവ പങ്കുവഹിച്ചിട്ടുണ്ട്. പ്രകൃതിയേയും ചരാചരങ്ങളേയും സാത്വിക, രാജസ, താമസ ഗണങ്ങളായി കാണുന്ന സവർണ്ണ ജ്ഞാനസിദ്ധാന്തത്തെ നവോത്ഥാനകാലം വെല്ലുവിളിച്ചിട്ടില്ലെന്നു മാത്രമല്ല വേറൊരുതരത്തിൽ സ്ഥിരീകരിക്കുകയും ചെയ്തു. എന്നാൽ ഗോത്രകീഴാള സംസ്കൃതിയിലെ പ്രകൃതിനിഗൂഢതയെ മാനിക്കുന്ന ഘടകങ്ങളെ ഇല്ലായ്മ ചെയ്യുകയും ചെയ്തു. സി.ആർ. രാജഗോപാലനെപോലുള്ള നാട്ടറിവുപഠനോപജീവികൾ ബാഹ്യകോളനിവത്ക്കരണത്തിന്റെ ജ്ഞാനസിദ്ധാന്തത്തെ എതിർക്കുമ്പോഴും സവർണ്ണ ജ്ഞാനാധിനിവേശത്തെക്കുറിച്ച് നിശ്ശബ്ദത പാലിക്കാറുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമുള്ള നെഹ്റൂവിയൻ ആധുനികതയും എഴുപതുകളിലെ ഹരിത ധവള-നീല(പ്രതി)വിപ്ലവങ്ങളും ആഗോളവൽക്കരണവും അധിനിവേശത്തിന്റെ വിജയനൃത്തം പുതുരീതിയിൽ തുടരുന്നു.

## പാശ്ചാത്യനാഗരികതയുടെ പ്രതിസന്ധി

പാശ്ചാത്യനാഗരികതയുടെ വിശ്വരൂപത്തിൽ ഒന്നും രണ്ടും ലോകമഹാ യുദ്ധങ്ങൾ മുറിവേൽപ്പിച്ചു. എഴുപതുകളോടെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ, ആധുനികാനന്തരചിന്തകൾ, അധിനിവേശാന്തര പ്രക്രിയകളും ചിന്തകളും, ആർത്തുറോ അസ്കോസാറിന്റെ വിമർ

ശന വിമർശം, വിമോചക ആത്മീയത, പ്രകൃതി കൃഷി, ബദൽ വൈദ്യം, ദേശീയ സ്വയംനിർണ്ണായവകാശ പ്രസ്ഥാനങ്ങൾ, സ്വത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ബഹുസാംസ്കാരിക പ്രക്രിയകൾ, സ്ത്രീവാദത്തിന്റെ ഭിന്ന ധാരകൾ, ദളിത്-ആദിവാസി ന്യൂനപക്ഷ വിഭാഗങ്ങൾ, ലൈംഗികന്യൂനപക്ഷങ്ങൾ.... എന്നിവർ ദേശീയ-വികസന-മതേതര-ആധുനിക-അനന്തരഘട്ടത്തിലേക്കുള്ള വ്യവഹാര മാതൃക വിച്ഛേദ (Post-national/developmental/secular modern paradigm shift) ത്തിനുവഴിയൊരുക്കിയിട്ടുണ്ട്. പ്രാതിനിധ്യ ജനാധിപത്യ ക്രമീകരണങ്ങൾ പങ്കാളിത്ത/പ്രത്യക്ഷ ജനാധിപത്യ പ്രക്രിയയിലേക്ക് ഗതി മാറുകയാണ്.

## നവസാമൂഹ്യപ്രസ്ഥാനങ്ങളുടെ പ്രതിസന്ധി

എന്താണ് നവസാമൂഹ്യപ്രസ്ഥാനങ്ങളെ ആ സാമാന്യനാമം ഉപയോഗിക്കാൻ അർഹമാക്കുന്ന പൊതുഘടകങ്ങൾ? ലിബറൽ ജനാധിപത്യത്തിന്റെ ചെറുപരിഷ്ക്കരണങ്ങൾക്കപ്പുറത്ത് അവയുടെ രാഷ്ട്രീയഭാവന വികസിച്ചിട്ടുണ്ടോ? പ്രതിപക്ഷ സിവിൽ സൊസൈറ്റി പ്രസ്ഥാനമെന്ന നിലയിൽ പ്രസ്തുത വിഭാഗങ്ങളെല്ലാം സ്വയം കരുതുന്നുണ്ടോ? മാർക്സിയൻ വ്യവഹാരങ്ങളുമായി ഇവയുടെ ബന്ധമെന്താണ്? മാർക്സിസത്തെ ആധുനികതാ വിമർശമാക്കാൻ ശ്രമിക്കുന്നവർ 'വൈരുധ്യാധിഷ്ഠിത ഭൗതിക വാദം' ദ്വന്ദ്വാത്മക യുക്തി തന്നെയാണെന്ന് എന്തിനാണ് മറച്ചുപിടിക്കുന്നത്? മതേതരത്വത്തിന്റെ മൂശ പ്രകൃതിയെ ജ്ഞാനത്തിലൂടെ മനുഷ്യർക്ക് കീഴടക്കാനാവും എന്ന ശാസ്ത്ര യുക്തിയും പ്രബുദ്ധതായുക്തിയും തന്നെയാണെങ്കിൽ എങ്ങിനെ പ്രകൃതി സംരക്ഷണ പ്രസ്ഥാനങ്ങളെ മതേതരവൽക്കരിക്കാനാവും? ബുദ്ധന്റെ വൈവിധ്യദർശനം ഉൾക്കൊള്ളാനാകാതെ പോയതുകൊണ്ടാണോ ഗാന്ധിയുടെയും ഗുരുവിന്റെയും അദ്വൈതത്തിന് വിസ്ഫോടക ശേഷി കുറഞ്ഞു പോയത്?

നിസ്സാർ അഹമ്മദ്, എസ്.രാജു, ടി.ടി. ശ്രീകുമാർ, ജെ. ദേവിക, എ.കെ. ജയശ്രീ, ടി.എം. യേശുദാസൻ, പി. സനൽ മോഹൻ, സി.കെ. ജാനു, ഗീതാനന്ദൻ, സലീന പ്രക്കാനം, വിളയോടി വേണുഗോപാൽ, കെ.കെ.കൊച്ച്, സണ്ണി എം. കപിക്കാട്, ദിലീപ് രാജ്, പി. പവിത്രൻ, ജെ. രഘു, സിവിക് ചന്ദ്രൻ, സതീശ് ചന്ദ്രൻ, എസ്. ശങ്കർ, എസ്. ഉഷ, മൈത്രേയൻ, അനിവർ അരവിന്ദ് എന്നിവർ പുതുപ്രസ്ഥാനങ്ങളുടെ ജ്ഞാനയോഗികളും കർമ്മയോഗികളുമായി ഉയർന്നുവന്നിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്. എങ്കിലും നവജനാധിപത്യ പ്രക്രിയകളെ വിശാലാർത്ഥമായ അർത്ഥത്തിൽ ദാർശനികവൽക്കരിക്കുന്നതിൽ ഇവർ ഭാഗികമായേ വിജയിച്ചിട്ടുള്ളൂ. ഭൂരിഭാഗം പേരും അക്കാദമിക്ക് മേലയിൽ നിന്നായതുകൊണ്ടാകാം വിവിധ കൂട്ടായ്മകളുടെ ദൈനംദിന ജീവിതാനുഭവ മേഖലയുമായി ബന്ധപ്പെട്ട ഉൾക്കാഴ്ച്ചയും മനോധർമ്മവും സർഗ്ഗാത്മകതയും ഇവരെ ഭാഗികമായി മാത്രം അനുഗ്രഹിക്കുന്നത്.

കെ. സഹദേവന്റെ സവർണ്ണമേൽക്കോയ്മാപേടി ഞാനും പങ്കിടുന്നുണ്ട്. പക്ഷെ ഈ പ്രതിസന്ധിക്ക് ഉത്തരം മതേതരവൽക്കരണമല്ല; മതത്തിന്റെ സൂക്ഷ്മതല ജനാധിപത്യവൽക്കരണവും വിമോചകമായ ആത്മീയതയുടെ പിറവിയുമാണ്. പരിസ്ഥിതി പ്രസ്ഥാനങ്ങളിൽ മതാനുഷ്ഠാനങ്ങൾ കടന്നുവരുന്നതും, വർഗ്ഗീയവാദി മതത്തെയും പരിസ്ഥിതി ആത്മീയതയെയും ഉപയോഗിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. മീരനന്ദന്മാർക്കും മനോജ് കോമത്തുമാർക്കും ഇതു മനസ്സിലാകില്ല. ഗാന്ധിയുടെ ഹിന്ദുമതവും ഗോഡ്സെയുടെ ഹിന്ദുമതവും തമ്മിലുള്ള അന്തരം തന്നെയാണിത്. യൂറോപ്യൻ നാഗരികതയുടെയും വികസന മാതൃകയുടെയും എതിർകളിക്കാരനല്ലാതെ ഏത് വർഗ്ഗീയവാദിയുണ്ട്? നഗരകേന്ദ്രിത വികസനം ആത്മീയമായി ഊഷരമാക്കിയ നഗര പ്രദേശങ്ങളിലാണ് വർഗ്ഗീയകലാപങ്ങളുടെ മുൾച്ചെടി പടരുന്നത്.

ദ്രാവിഡ ഹിന്ദുമതധാരകളായ ശിവ, ദേവി, കൃഷ്ണ സീത, മാർഗ്ഗങ്ങളുടെയും ബുദ്ധ ജൈനമാർഗ്ഗങ്ങളുടെയും ഖുർ-ആന്റെയും, ബൈബിളിന്റെയും ഗോത്രവിശ്വാസങ്ങളുടെയും മറു നാടൻ വിശ്വാസങ്ങളുടെയും ഹരിതവായനയും അനുഷ്ഠാനങ്ങളെ നവീകരിക്കപ്പെടാനുള്ള ശ്രമങ്ങളും കേരളത്തിൽ ഇതിനകം പൊട്ടിപ്പുറപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. എസ്. പൈനാടത്തിന്റെ സമീക്ഷ, ഡേവിഡ് വളർകാവ്... തുടങ്ങിയവരുടെ മുൻകയ്യിൽ മതാന്തര സംവാദങ്ങളും ഹരിത പെരുന്നാളുകളും തുടങ്ങിക്കഴിഞ്ഞു. സസ്യാഹാരത്തിലൂന്നുന്ന ഭൂമിപൂജ, ഉച്ചാറൽ, കതിരുവേല, തിരുവാതിരയിലെയും കൃഷ്ണ ജയന്തിയിലെയും ഉർവരതാനുഷ്ഠാനങ്ങൾ, കർക്കിടകമാസത്തെ സീതായനമാസമായി ആചരിക്കൽ എന്നിവ വഴി ഈ വഴി കൂടുതൽ വിശാലമാക്കുകയാണ് വേണ്ടത്. ഹരിത ആത്മീയതയ്ക്കുവേണ്ടിയുള്ള അന്വേഷണങ്ങളിൽ കേരള

ത്തിലെ ക്രിസ്ത്യൻ, ദളിത് ക്രിസ്ത്യൻ വിഭാഗങ്ങൾ ഏറെ മുമ്പോട്ടുപോയിട്ടുണ്ട്. റയ്മൺ പണിക്കർ, എം.എസ്. കാപ്പൻ, സാമുവൽ രായൻ എന്നിവർ ഇതിന്റെ അഗ്രഗാമികളാണ്. ഡി.ആർ. നാഗരാജിന്റെ 'ജ്വലിക്കുന്ന പാദങ്ങൾ' എന്ന ഗ്രന്ഥത്തിലെ ഗ്രാമങ്ങളുടെ തിരോധാനം, സാംസ്ക്കാരിക സ്മൃതികളുടെ പ്രശ്നം, റവ: ഡോ. ജോർജ്ജ് മാത്യു നാലുന്നാക്കൽ രചിച്ച 'ഗ്രീൻ ലിബറേഷൻ', ടി.എം. യേശുദാസന്റെ 'ബലിയാടുകളുടെ വംശാവലി', 'കറുത്ത ദൈവങ്ങളും നഗ്നസത്യങ്ങളും', എന്നിവ ശ്രദ്ധേയങ്ങളാണ്. എന്നാൽ ഈ സമയത്ത് ഭൂരിഭാഗംവരുന്ന ദളിത് സമുദായത്തിന്റെ ആത്മീയാന്വേഷണങ്ങൾ ഈ ചിന്തകരുടെ അന്വേഷണ പരിധിയ്ക്കു പുറത്താണ്. കേരളത്തിൽ പോസ്റ്റ്–അംബേദ്ക്കറിസ്റ്റ് വ്യാപാരങ്ങൾ രൂപം കൊള്ളുമ്പോഴേ കേരളീയവും തനതുമായ ദളിത് ദൈവദർശനം രൂപം കൊള്ളൂ. ബുദ്ധനോ, കാളിയോ എന്നതാണ് ഡി.എച്ച്.ആർ.എം വിഭാഗങ്ങൾ സ്വയം ചോദിക്കേണ്ട ചോദ്യം. കേരളത്തിലെ ആദിവാസി, വിശ്വകർമ്മ, ഈഴവ, സമുദായങ്ങളും, സ്ത്രീവിഭാഗങ്ങളും അവരുടെ ആത്മീയവിമോചനത്തിന്റെ ഭ്രമണപഥം കണ്ടെത്തേണ്ടതുണ്ട്. ശാസ്ത്രത്തിന്റെ മേലയിലെ പ്രതിസന്ധിയും ഈ സന്ദർഭത്തിൽ നാം ചർച്ച ചെയ്യേണ്ടതാണ്. ഒന്നുകിൽ ന്യൂനീകരണത്തിലേയ്ക്ക്, അല്ലെങ്കിൽ സമഗ്ര–നിഗൂഢവൽക്കരണത്തിന്റെ 'ജഗപൊഹ' യിലേക്ക് തെന്നിമാറിക്കളിക്കുകയാണ് നമ്മുടെ ശാസ്ത്ര സംവാദങ്ങൾ.

കേരളത്തിലെ ഓരോ നവസാമൂഹ്യ പ്രക്രിയയും പരിമിതികളോടെയാണെങ്കിലും സ്വാഭാവികമായും അതിരുകൾ മുറിച്ചു കടന്ന് ബഹുസാംസ്കാരികമാവുകയാണ്. സ്ത്രീവാദ–പരിസ്ഥിതി–ആത്മീയവ്യവഹാരങ്ങൾ ഇനി ഒറ്റയടിപ്പാതയല്ല; ഭിന്നപ്രവാഹങ്ങളുടെ കൂട്ടുപാതയിലെ താൽക്കാല കലക്കങ്ങളും, ട്രാഫിക്ക് ജാമും നാം അതിജീവിയ്ക്കും. അതിന് ഈ സംവാദങ്ങൾ വഴിയൊരുക്കട്ടെ. ■

## നിരപരാധികളെ കുടുക്കാൻ ശ്രമം

**ഏകലോക** സർവ്വകലാശാല എന്ന കൂട്ടായ്മയുടെ ശില്പിയും എഴുത്തുകാരനുമായ ശ്യാമിനെ മെയ് 20ന് വയനാട് കുഞ്ഞോം പെർളോത്ത് വച്ച് മാവോയിസ്റ്റ് വേട്ടക്കായി നിയോഗിച്ച തണ്ടർബോൾട്ട് സേനയും പോലീസും ചേർന്ന് പിടികൂടി. തുടർന്ന് വെള്ളമുണ്ട പോലീസ്സ്റ്റേഷനിൽ കൊണ്ടുപോയി ദേഹപരിശോധന നടത്തുകയും രാത്രി 12 മണിവരെ അദ്ദേഹത്തിന്റെ വീട് അരിച്ചുപെറുക്കുകയും ചെയ്തു. തെളിവുകളൊന്നും കിട്ടാത്തതിനാൽ ലാപ്ടോപ്പും മൊബൈലും വിശദപരിശോധനയ്ക്കായി പോലീസ് കൊണ്ടുപോയി. മാവോയിസ്റ്റ് വേട്ടയുടെ പേരിൽ നിരപരാധികൾക്ക് നേരെ തണ്ടർബോൾട്ട് തിരിയുന്നതായി ശ്യാമിനുണ്ടായ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. മുഖ്യധാരയിൽ നിന്നും വേറിട്ട് ജീവിക്കുന്ന ആരെയും മാവോവാദികളെന്ന് സംശയിച്ച് അറസ്റ്റ് ചെയ്യാനുള്ള സാധ്യത പ്രതിദിനം കൂടിവരുന്നു. പ്രാഥമികമായ ഒരന്വേഷണം പോലും നടത്താതെയാണ് സംശയത്തിന്റെ പേരിൽ തണ്ടർബോൾട്ടിന്റെ തോക്കുധാരികളായ സംഘം പൊതുജനമധ്യത്തിൽ വച്ച് ബലപ്രയോഗത്തിലൂടെ ശ്യാമിനെ പിടികൂടിയത്. ജനാധിപത്യത്തെ പൂർണ്ണമായും തകർക്കുന്ന തരത്തിലേക്ക് പോലീസിംഗ് മാറിക്കൊണ്ടിരിക്കുന്നു. വ്യക്തിയുടെ ജീവിതത്തെ അനുനിമിഷം നിയന്ത്രിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന മുതലാളിത്തം, രാഷ്ട്രം, കുടുംബം തുടങ്ങിയ വ്യവസ്ഥകളെ സർഗ്ഗാത്മകമായി എങ്ങനെ പ്രതിരോധിക്കാം എന്ന് ആലോചിക്കുകയും അതിനുവേണ്ട സമഗ്രമായ താത്വികപഠനങ്ങൾ നടത്തുകയും ചെയ്യുന്ന കൂട്ടായ്മയാണ് ശ്യാമിന്റെ നേതൃത്വത്തിലുള്ള ഏകലോക സർവ്വകലാശാല. മുഖ്യധാരയോട് കലഹിച്ചുകൊണ്ട് ഇത്തരം സമാന്തര പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളും സംഘങ്ങളുമെല്ലാം മാവോവാദികളായി മുദ്രകുത്തി ആക്രമിക്കപ്പെടുന്ന കാലമാണ് കേരളത്തിൽ സംജാതമായിരിക്കുന്നത്. സാമൂഹിക പ്രവർത്തകരെ ലുക്ക്ഔട്ട് നോട്ടീസിൽ ഉൾപ്പെടുത്തിയ സംഭവവും ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. ജനാധിപത്യപരമായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന എല്ലാ പൊതു പ്രവർത്തകരും ഇതിൽ പ്രതികരിക്കുക.

### അപലപനീയം: പ്രതിഷേധം വ്യാപകം

മാവോയിസ്റ്റുകളുടെ സായുധ സമരത്തിൽ പങ്കാളിയായി എന്ന് ആരോപിച്ച് വീൽചെയറിൽ മാത്രം സഞ്ചരിക്കാൻ കഴിയുന്ന, 90 ശതമാനം വികലാംഗനായ ഡൽഹി യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ജി.എൻ. സായിബാബയെ ദില്ലിയിലെ വസതിയിൽ നിന്നും മഹാരാഷ്ട്ര പോലീസ് അറസ്റ്റു ചെയ്തു. സാമ്രാജ്യത്വത്തിനും മൂലധനകേന്ദ്രീകൃത വികസനത്തിനുമെതിരെ വർഷങ്ങളായി പ്രവർത്തിക്കുന്ന ഡോ. സായിബാബ പോലീസിന്റെ ഒരന്വേഷണവുമായും സഹകരിക്കാതിരുന്നിട്ടില്ല. എന്നിട്ടും കിരാതനിയങ്ങളുടെ പിൻബലത്തോടെ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് നാഗ്പൂർ ജയിലിലടച്ച നടപടിക്കെതിരെ രാജ്യമെമ്പാടും പ്രതിഷേധങ്ങൾ വ്യാപകമാവുകയാണ്.